(ബി) 2015 മേയ് 31 വരെ ഓരോ മന്ത്രിയുടെയും പരിഗണനയ്ക്ക് വന്ന എത്ര ഫയലുകൾ വീതം തീരുമാനം എടുത്ത് തിരിച്ചയയ്ക്കാൻ ബാക്കി നില്പുണ്ടായിരുന്നുവെന്നും മൂന്നും ആറും മാസവും ഒരു വർഷത്തിൽ കൂടുതലും കാലമായി തീരുമാനമാകാതെ മന്ത്രി കാര്യാലയത്തിൽ കെട്ടിക്കിടപ്പുള്ള ഫയലുകൾ എത്ര എന്നും അറിയിക്കാമോ ;

(സി) മുഖ്യമന്ത്രിയുടെ കാര്യാലയത്തിൽ മന്ത്രിസഭായോഗ തീരുമാനത്തിന്മേൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടത് സംബന്ധിച്ച എത്ര ഫയലുകൾ 2015 മേയ് 31 അവസാനിക്കുമ്പോൾ ബാക്കിയുണ്ടായിരുന്നുവെന്ന വ്യക്തമാക്കുമോ ;

(ഡി) മുഖ്യമന്ത്രിയുടെ കാര്യാലയത്തിൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് അയയ്ക്കേണ്ടതായ എത്ര ഫയലുകൾ 2015 മേയ് 31 അവസാനിക്കുമ്പോൾ ബാക്കിയുണ്ടായിരുന്നുവെന്ന അറിയിക്കാമോ ?

ഉത്തരം

(എ) 2015 ഏപ്രിൽ മാസത്തെ പ്രതിമാസ പ്രവർത്തന പത്രിക പ്രകാരം സെക്രട്ടേറിയറ്റിൽ 134563 ഫയലുകൾ തീരുമാനം എടുക്കാൻ ബാക്കി നിൽപ്പുണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

സ്വാതന്ത്ര്യസമര പെൻഷൻ

22 (1725) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ സ്വാതന്ത്ര്യസമര പെൻഷൻ ലഭിക്കുന്നത് എത്ര പേർക്കാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര പേർ ആശ്രിതരാണെന്ന് പറയാമോ;

(സി) സ്വാതന്ത്ര്യസമര പെൻഷൻ വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ ;

(ഡി) ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ കേരള സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ലഭിക്കുന്ന 90 പേരുണ്ട്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന പെൻഷൻ തെരഞ്ഞെടുക്കപ്പെട്ട പൊതുമേഖലാ ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിനാൽ സംസ്ഥാനത്തെ കേന്ദ്ര സ്വാതന്ത്ര്യസമര സേനാനി പെൻഷൻ വാങ്ങുന്നവരുടെ കൃത്യമായ എണ്ണം സർക്കാരിൽ ലഭ്യമല്ല.

(ബി) കേരള സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ലഭിക്കുന്നവരിൽ 82 പേർ ആശ്രിതരാണ്.

(സി) സംസ്ഥാന സർക്കാരിന്റെ സ്വാതന്ത്ര്യസമര സേനാനി പെൻഷൻ വിതരണം ചെയ്യുന്നതിൽ വീഴ്ച പറ്റിയിട്ടില്ല എന്നാൽ കേന്ദ്ര സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാർ 2014 ഒക്ടോബർ മുതൽ കേന്ദ്ര സ്വാതന്ത്ര്യസമര സേനാനി പെൻഷൻ തെരഞ്ഞെടുത്ത പൊതുമേഖലാ ബാങ്കുകൾ വഴി മാത്രം വിതരണം ചെയ്യാൻ നടപടികൾ ആരംഭിച്ചിരുന്നു. പ്രസ്തുത നടപടികളുടെ ഭാഗമായി ചില ഉപഭോക്താക്കൾക്ക് പെൻഷൻ ലഭിക്കാൻ കാലതാമസം നേരിടുവരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട പരാതികൾ, ട്രഷറി ഡയറക്ടറുടെ റിപ്പോർട്ട് സഹിതം ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് അടിയന്തരമായിതന്നെ കേന്ദ്ര സർക്കാരിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

അപേക്ഷകൾക്കും പരാതികൾക്കും കൈപ്പറ്റ് രസീത്

23 (1726) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്ത്രിമാരുടെ ഓഫീസുകളിലും സെക്രട്ടറിയേറ്റിലെ വിവിധ സെക്ഷനുകളിലും എം.എൽ.എ.-മാരും മറ്റ് അപേക്ഷകരും നൽകുന്ന നിവേദനങ്ങൾ, പരാതികൾ, അപേക്ഷകൾ എന്നിവയ്ക്ക് അപ്പപ്പോൾ തന്നെ കൈപ്പറ്റ് രസീത് നൽകുന്ന സമ്പ്രദായം നിലവിലുണ്ടോ, ഇല്ലെങ്കിൽ ഇപ്രകാരം നൽകുന്ന അപേക്ഷകൾ മന്ത്രിമാരുടെ ഓഫീസിലും വിവിധ ഡിപ്പാർട്ട്മെന്റ് സെക്ഷനുകളിലും ലഭിച്ചു എന്നറിയുവാൻ എന്താണ് മാർഗ്ഗം, വിശദമാക്കുമോ ;

(ബി) വിവിധ ഓഫീസുകളിലും മന്ത്രിമാരുടെ ഓഫീസുകളിലും ലഭിക്കുന്ന അപേക്ഷകൾക്ക് യഥാസമയം കൈപ്പറ്റ് രസീതുകൾ പോലും ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇതു പരിഹരിക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടി എന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly